●


# ടി.പി മുഹമ്മദ് സുബൈർ



**മൂഴിക്കൽ** സ്വദേശിയും ജിദ്ദാ കെ.ഐ.ജിയുടെ മുൻനിര പ്രവർത്തകനുമായിരുന്ന സി.വി ഖാസിം അലിയുടെ ജനാസ നമസ്കാരം കഴിഞ്ഞ് നഗരത്തിലെത്തവെ ഫോൺ ശബ്ദിച്ചു. നെടുനാളത്തെ ഇടവേളക്ക് ശേഷം ടി.പി മുഹമ്മദ് സുബൈർ സാഹിബിന്റെ സലാം കേൾക്കെ ഒരു നൂറു ഓർമചിത്രങ്ങൾ മനസ്സിൽ തെളിഞ്ഞു. നമ്മുടെ ഖാസിം ഭായി എന്നു പറഞ്ഞുതുടങ്ങുമ്പോഴേക്കും കദനനൊമ്പരങ്ങളാൽ അദ്ദേഹം കരച്ചിലായി. സമനില വീണ്ടെടുത്ത ശേഷം സുഖം പോരെന്നും ആശുപത്രിയിലാണെന്നും പറഞ്ഞു. പിന്നീട് രണ്ടുതവണ കൂടി സംസാരിച്ചു. 2.10.2009-ന് പി. അഹമ്മദ് ഹുസൈൻ, സുബൈർ സാഹിബിന്റെ ചരമവൃത്താന്തം വിളിച്ചറിയിച്ചു - ഇന്നാലില്ലാഹ്.

1982 ആദ്യത്തിൽ ജിദ്ദയിലെ പ്രസ്ഥാന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് സുബൈർ സാഹിബുമായി പരിചയപ്പെടുന്നത്. അന്ന് ഇബ്റാഹീം അബ്ദുൽകരീം, പൂഴച്ചൽ സൈദലവി, ബാവ സാഹിബ് തിരൂർ, അഷ്റഫലി കട്ടുപ്പാറ, കൊടപ്പന കുഞ്ഞുമുഹമ്മദ്, സി.എച്ച് അബ്ദുർറഹിമാൻ മക്കരപറമ്പ്, ജിംകോ കുഞ്ഞിമുഹമ്മദ്, പരേതനായ വി.കെ റഷീദ് തുടങ്ങിയ ഏതാനും പ്രസ്ഥാന പ്രവർത്തകർ മാത്രമേ ജിദ്ദയിലുണ്ടായിരുന്നുള്ളൂ. ഖാദർകുട്ടി മാരേക്കാട് വാരാന്ത്യങ്ങളിൽ മക്കയിൽനിന്ന് വന്നെത്തുകയും ചെയ്യും. പരേതനായ മേലാറ്റൂർ നാണിഹാജിയുടെ വസതിയിൽ ചേർന്നിരുന്ന ദ്വൈവാര ക്ലാസായിരുന്നു മുഖ്യ പ്രാസ്ഥാനിക പരിപാടി.

വി.കെ ഹംസ സാഹിബ് കേരള ജമാഅത്തിന്റെ മുആവിൻ അമീറായി തെരഞ്ഞെടുക്കപ്പെട്ട ശേഷം നടത്തിയ ജിദ്ദാ സന്ദർശനത്തോടെയാണ് പ്രവർത്തകരെ കെ.ഐ.ജിയുടെ ബാനറിൽ വ്യവസ്ഥാപിതമായി സംഘടിപ്പിച്ചത്. ആദർശാത്മക പഠന പരിശീലനങ്ങൾക്കും പൊതുപ്രവർത്തനങ്ങൾക്കും മാതൃകയായി ഇസ്‌ലാമിക പ്രവർത്തകർ ജിദ്ദാ മലയാളിയുടെ മുമ്പേ നടന്ന കാലം. വർഷങ്ങളോളം സുബൈർസാഹിബ് പ്രസ്ഥാന പ്രവർത്തനങ്ങൾക്ക് സാരഥ്യമേകി. പാണ്ഡിത്യത്തേക്കാളേറെ സംശുദ്ധമായ പ്രസാദാത്മക വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റെ കൈമുതൽ. പരിപാടികളുടെ സമാപന വേളകളിൽ വികാര പാരവശ്യങ്ങളോടെ ഉദ്ബോധനത്തിനായി എഴുന്നേറ്റ്നിൽക്കുന്ന സുബൈർ സാഹിബിന്റെ ചിത്രം മനസ്സിൽ തെളിയുന്നു. കഷണ്ടി പരന്ന ശിരസ്സും നരച്ച താടിയും തടവി അദ്ദേഹം പറയും: "ഞാൻ നിങ്ങളുടെ മുന്നിൽ എഴുന്നേറ്റുനിന്നാൽ തന്നെ നിങ്ങൾ യുവാക്കൾക്ക് വേണ്ടതിലധികം ഉദ്ബോധനമായി. എന്റെ തലയും താടിയും ശ്രദ്ധിച്ചാൽ മതി."

മാഹി സ്വദേശിയായ ഇദ്ദേഹം 1955 മുതൽ പെരുമ്പാവൂരിലായിരുന്നു താമസം.

ജോലി ആവശ്യാർഥം പെരുമ്പാവൂരിലെത്തിയ യുവാവായ സുബൈർ ബഹുമുഖ പ്രസ്ഥാനിക പ്രവർത്തനമേഖലകളിൽ നിറസാന്നിധ്യമായിരുന്നെന്ന് അന്നത്തെ സഹ പ്രവർത്തകർ അനുസ്മരിക്കുന്നു. ശാരീരിക മർദനങ്ങൾക്ക് വരെ വിധേയനാകേണ്ടി വന്നിട്ടുണ്ട്. ബന്ധുക്കളോടൊപ്പവും പുറത്തും കണക്കെഴുത്തുകാരനായി കുറേക്കാലം ജോലിചെയ്ത ശേഷം ആറേഴു തൊഴിലാളികളടങ്ങുന്ന ഒരു ബീഡി-പുകയില സ്ഥാപനം സ്വന്തമായി നടത്തിയിരുന്നു. പ്രവൃത്തി സമയത്ത് ഒരാൾ *പ്രബോധന*മോ തിരഞ്ഞെടുക്കപ്പെടുന്ന പ്രാസ്ഥാനിക സാഹിത്യങ്ങളോ ഉറക്കെ വായിക്കും. ചൂടാർന്ന ചർച്ച നടക്കും. വൈകുന്നേരം വായനക്കാരനും മറ്റുള്ളവർക്കെന്നപോലെ പ്രതിഫലം നൽകും. ഈ ചർച്ച കേൾക്കുന്നതിന് പുറത്തുനിന്ന് പതിവായി ആളുകൾ വരാറുണ്ടായിരുന്നത്രെ. പിൽക്കാലത്ത് അവരിൽ പലരും പ്രസ്ഥാനത്തിന്റെ സഹയാത്രികരായിത്തീരുകയും ചെയ്തു. യൗവനകാലത്ത് തന്നെ സുബൈർ സാഹിബ് പ്രസ്ഥാനത്തിൽ അംഗത്വം നേടിയിരുന്നു.

1979-ൽ ജിദ്ദയിലേക്ക് പോയ അദ്ദേഹം 1998-ൽ പെരുമ്പാവൂരിൽ തിരിച്ചെത്തി. പ്രാദേശിക ജമാഅത്തിന്റെ നേതൃത്വം അദ്ദേഹത്തിൽ അർപ്പിതമായി. മരണവേളയിൽ 77 വയസ്സുണ്ടായിരുന്നു.

**വി.കെ ജലീൽ**

## കെ. എസ് മുഹമ്മദലി



**കെ.എസ്** മുഹമ്മദലി എന്ന പള്ളിക്കര മമ്മിക്ക അല്ലാഹുവിന്റെ സന്നിധിയിലേക്ക് യാത്രയായി. വലിയ സമ്പത്തിനുടമയായിട്ടുപോലും ലളിതമായ ജീവിതം നയിച്ച് മറ്റുള്ളവർക്ക് മാതൃക കാട്ടിയ വ്യക്തിയായിരുന്നു അദ്ദേഹം. പാവപ്പെട്ടവർക്കും സാമ്പത്തികമായി തകർന്നവർക്കും തൊഴിൽ ചെയ്തു ജീവിക്കാൻ വേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ അതീവ ശ്രദ്ധാലുവായിരുന്നു. ജാതിമത ഭേദമന്യേ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്ന കാര്യത്തിലും ശുഷ്കാന്തി കാണിച്ചു. പെരുമ്പാവൂർ സർക്കാർ ആശുപത്രിയിലെ രോഗികൾക്ക് മരുന്നിനുള്ള തുക സ്വന്തം മക്കൾ നടത്തുന്ന കരുമക്കാട്ട് മെഡിക്കൽസിൽ ഏൽപിക്കുമായിരുന്നു.

പള്ളികൾ, മദ്റസകൾ, അനാഥശാലകൾ, പാവപ്പെട്ടവർക്ക് കിടപ്പാടങ്ങൾ, ഗുജറാത്ത് ഭൂകമ്പം, വർഗീയ ലഹള, ബീഹാറിലെ വെള്ളപ്പൊക്കം ഇങ്ങനെ സേവനമേഖലയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ എന്നും ഓർമിക്കപ്പെടും. പെരുമ്പാവൂർ കേന്ദ്രീകരിച്ച് തുടക്കം കുറിച്ച മെക്കാ ട്രസ്റ്റിന്റെ സ്ഥാപക ചെയർമാനും അൽ അസ്ഹർ സ്കൂൾ, അസ്ഹർ കോളേജ് എന്നീ സ്ഥാപനങ്ങളുടെ ട്രസ്റ്റ് മെമ്പറുമായിരുന്നു. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഘടനയിലേക്ക് വന്നില്ലെങ്കിലും പ്രസ്ഥാനവും പ്രസ്ഥാന നേതൃത്വവുമായി അടുത്ത ബന്ധം നിലനിർത്തി.

**എം.പി അസൈനാർ കണ്ടന്തറ**

*അല്ലാഹു പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ!*